**15 –ാം കേരള നിയമസഭ**

**14 –ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2352** **30-09-2025 - ൽ മറുപടിയ്ക്ക്**

**സിവിൽ സപ്ലൈസ് കോർപറേഷന്റെ വിപണി ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സിവിൽ സപ്ലൈസ് കോർപറേഷന്റെ വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 2016 –17 മുതൽ 2024–25 വരെ ഓരോ വർഷവും അനുവദിച്ച തുക എത്രയാണ് ; 2025–26 സാമ്പത്തിക വർഷം ഇതു വരെ എത്ര തുകയാണ് നൽകിയത്; | (എ) | വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 2016-17 മുതൽ 2024-25 സാമ്പത്തിക വർഷം വരെ സപ്ലൈകോയ്ക്ക് 7022.72 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം I**ആയി ചേർക്കുന്നു. വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 250 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | സിവിൽ സപ്ലൈസ് കോർപറേഷൻ വഴി വിൽപന നടത്തുന്ന സബ്ഡിസി സാധനങ്ങളുടെ വില ഇപ്പോൾ എത്രയാണ്; കഴിഞ്ഞ വർഷം ഫെബ്രുവരിക്കു ശേഷം എത്ര തവണ ഏതെല്ലാം സാധനങ്ങളുടെ വില പരിഷ്കരിച്ചിട്ടുണ്ട്; | (ബി) | സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴി വില്പന നടത്തുന്ന സബ്സിഡി സാധനങ്ങളുടെ വില്പന വില **അനുബന്ധം II** ആയി ചേർക്കുന്നു. 2024 ഫെബ്രുവരി മുതൽ വില്പന നടത്തി വരുന്ന 13 ഇനം സബ്സിഡി സാധനങ്ങളുടെ വില്പനവില 9 തവണ പരിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം III** ആയി ചേർക്കുന്നു. സപ്ലൈകോയിലെ 13 സബ്സിഡി സാധനങ്ങളിൽ ഏറിയ പങ്കിന്റെയും വില്പനവില 2024 ഫെബ്രുവരിയ്ക്ക് ശേഷം കുറയുകയാണ് ചെയ്തത്. |
| (സി) | സബ്സിഡി വെളിച്ചെണ്ണയും നോൺ സബ്സിഡി വെളിച്ചെണ്ണയും ഒന്നിച്ച് ഒരു കിലോയായി ആണോ സപ്ലൈകോ വഴി നൽകുന്നത് ; ഇതിൽ സബ്സിഡി, നോൺ സബ്സിഡി ഇനങ്ങളുടെ വേർതിരിച്ചുള്ള വില എത്രയാണ് ; വെളിച്ചെണ്ണയുടെ സബ്സിഡി വില ഈയിടെ പരിഷ്കരിച്ചിരുന്നോ ; അതിനു മുൻപ് എത്ര രൂപയായിരുന്നു വില; | (സി) | സബ്സിഡി വെളിച്ചെണ്ണയും നോൺ സബ്സിഡി വെളിച്ചെണ്ണയും ഒന്നിച്ച് ഒരു ലിറ്റർ ആയിട്ടാണ് സപ്ലൈകോ വഴി വില്പന നടത്തുന്നത്. നിലവിൽ സബ്സിഡി വെളിച്ചെണ്ണയുടെ (500ml) വില്പന വില 140+GST യും നോൺ സബ്സിഡി (500ml) വെളിച്ചെണ്ണയുടെ വില്പന വില 163.80+GST യും ആണ് **(ആകെ- 140 + 163.80 = 303.80/- + GST).** |
| (ഡി) | ഓണക്കാലത്ത് സപ്ലൈകോ വഴി എത്ര രൂപയുടെ എത്ര അളവ് വെളിച്ചെണ്ണയാണ് വിറ്റഴിച്ചത് ; ഇതിൽ 'കേര' ഉൾപ്പെടെ വിവിധ ബ്രാൻഡുകളുടെ വിലയും അളവും എത്രയായിരുന്നു ; കേര വെളിച്ചെണ്ണ മറ്റ് ബ്രാൻഡുകളെ അപേക്ഷിച്ച് കൂടിയ വിലയ്ക്കാണു സപ്ലൈകോയ്ക്കു നൽകിയത് എന്നതു ശരിയാണോ ; | (ഡി) | ഓണക്കാലത്ത് (01-08-2025 മുതൽ 04-09-2025 വരെ) സപ്ലൈകോ വഴി 807277300.2 രൂപയുടെ 23,05,849 ലിറ്റർ അളവ് വെളിച്ചെണ്ണയാണ് വിറ്റഴിച്ചത്. ഇതിൽ 'കേര' ഉൾപ്പെടെ വിവിധ ബ്രാൻഡുകളുടെ വിലയും അളവും **അനുബന്ധം IV** ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | വില കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | | കേര വെളിച്ചെണ്ണ മറ്റ് ബ്രാൻഡുകളെ അപേക്ഷിച്ച് കൂടിയ വിലയ്ക്കല്ല സപ്ലൈകോയ്ക്ക് ലഭ്യമായിട്ടുള്ളത്. വെളിച്ചെണ്ണയുടെ വില ക്രമാതീതമായി ഉയർന്നപ്പോൾ സപ്ലൈകോ നടത്തിയ ശക്തമായ വിപണി ഇടപെടൽ മൂലം വെളിച്ചെണ്ണയുടെ വില കേരളത്തിലെ പൊതുവിപണിയിൽ കുറയുവാനിടയായി. കേരളത്തിലെ ഉപഭോക്താക്കളുടെ ഇടയിൽ കൂടുതൽ ഡിമാൻഡ് ഉള്ള കേര ഉൾപ്പടെയുള്ള വെളിച്ചെണ്ണകൾ പൊതു വിപണിയെക്കാൾ ഏറ്റവും കുറഞ്ഞ വിലയിൽ സപ്ലൈകോയുടെ 1600 ഓളം വിപണന ശാലകൾ മുഖേന വിതരണം ചെയ്തു. കേര വെളിച്ചെണ്ണയ്ക്ക് പ്രത്യേക ഡിസ്കൗണ്ട് നൽകി പൊതു ജനങ്ങൾക്ക് എറ്റവും കുറഞ്ഞ വിലയിൽ സപ്ലൈകോ ലഭ്യമാക്കിയത് മൂലം പൊതുവിപണിയിൽ കുതിച്ചുയർന്ന വെളിച്ചെണ്ണ വില കുറയുവാനിടയായി. |
| (ഇ) | ഓണക്കാലത്ത് സപ്ലൈകോയുടെ ആകെ വിൽപന എത്രയായിരുന്നു ; ഇതിൽ സബ്സിഡി സാധനങ്ങളുടെ വിൽപന എത്ര തുകയുടേതായിരുന്നു; എത്ര കാർഡ് ഉടമകളാണ് സാധനങ്ങൾ വാങ്ങാൻ എത്തിയത്; വിശദമാക്കുമോ? | (ഇ) | ഓണക്കാലത്ത് സപ്ലൈകോയുടെ ആകെ വില്പന 385 കോടി രൂപ (3,85,39,10,425 രൂപ) ആയിരുന്നു. ഇതിൽ 180 കോടിയുടെ (1,80,29,01,615രൂപ) സബ്സിഡി സാധനങ്ങളുടെ വില്പന നടന്നു. 2025 ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 4 വരെ 56.73 ലക്ഷം റേഷൻ കാർഡുടമകളും സപ്ലൈകോ വില്പനശാലകളും ഫെയറുകളും വഴി സാധനങ്ങൾ കൈപ്പറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

(തുക കോടിയിൽ)

| വർഷം (1) | ബജറ്റിൽവകയിരുത്തിയ തുക (2) | വിപണി ഇടപെടലിനായി സർക്കാർ അനുവദിച്ച തുക (3) | (അതിജീവനക്കിറ്റ്, ഓണം കിറ്റ്/AAY കിറ്റ്,പഞ്ചസാര സബ്സിഡി ഉൾപ്പെടെ (4)) | ആകെ (3)+(4) |
|---|---|---|---|---|
| 2016-17 | 200.00 | 200.00 | - | 200.00 |
| 2017-18 | 200.00 | 200.00 | - | 200.00 |
| 2018-19 | 200.00 | 125.00 | - | 125.00 |
| 2019-20 | 150.00 | 54.15 | - | 54.15 |
| 2020-21 | 150.00 | - | 3,788.29 | 3,788.29 |
| 2021-22 | 150.00 | 75.00 | 1,300.19 | 1375.19 |
| 2022-23 | 180.00 | 0.00 | 400.00 | 400.00 |
| 2023-24 | 190.80 | 357.63 | 33.17 | 390.80 |
| 2024-25 | 205.00 | 455.00 | 34.29 | 489.29 |
| Total | | **1,466.78** | **5,555.94** | **7022.72** |

**<u>അനുബന്ധം II</u>**

13 ഇനം സബ്സിഡി സാധനങ്ങളും അവയുടെ നിലവിലെ വിലയും അനുവദനീയമായ പരമാവധി അളവും

| ക്രമ നമ്പർ | ഇനം | സബ്സിഡി വിൽപ്പന വില (രൂപ) | സബ്സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
|---|---|---|---|
| 1 | ചെറുപയർ (1 കി. ഗ്രാം) | 85 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് (1 കി. ഗ്രാം) | 90 | 1 കിലോ ഗ്രാം |
| 3 | കടല (1 കി. ഗ്രാം) | 65 | 1 കിലോ ഗ്രാം |
| 4 | വൻപയർ (1 കി. ഗ്രാം) | 70 | 1 കിലോ ഗ്രാം |
| 5 | തുവര പരിപ്പ് (1 കി. ഗ്രാം) | 88 | 1 കിലോ ഗ്രാം |
| 6 | മുളക് (1 കി. ഗ്രാം) | 110 | 1 കിലോ ഗ്രാം |
| 7 | മല്ലി (500 ഗ്രാം) | 39 | 500 ഗ്രാം |
| 8 | പഞ്ചസാര (1 കി. ഗ്രാം) | 33 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ സബ്സിഡി ½ ലിറ്റർ | 140 | ½ ലിറ്റർ |
| 10 | ജയ അരി (1 കി. ഗ്രാം) | 33 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി (1 കി. ഗ്രാം) | 33 | |
| 12 | മട്ട അരി (1 കി. ഗ്രാം) | 33 | |
| 13 | പച്ചരി (1 കി. ഗ്രാം) | 29 | |

മേൽപ്പറഞ്ഞ സാധനങ്ങൾക്ക് നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്ത് നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ്.

-

## **അനുബന്ധം III**

2024 ഫെബ്രുവരിയ്ക്ക് മുതൽ സബ്സിഡി വിൽപ്പന വില പരിഷ്കരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ

| ക്രമ നം. | സബ്സിഡി ഇനം | സ.ഉ. (സധാ) നം. 3/2024/F&CS dtd. 16-2-24 | സ.ഉ. (സാധാ) ന ◌ം.129-2024-F&CS തീയതി 29-05-2024 | സ.ഉ. (സാധാ) നം. 282-2024-F&CS തീയതി 31-08-2024 | സ.ഉ. (സാധാ) നം.287-2024-F&CS തീയതി 04-09-2024 | സ.ഉ. (സാധാ) നം.290-2024-F&CS തീയതി 05-09-2024 | സ.ഉ. (സാധാ) നം 382-2024-F&CSD തീയതി 29-11-2024 | സ.ഉ. (സാധാ) നം. .22-2025-F&CS തീയതി 29-01-2025 | സ.ഉ. (സാധാ) നം. 108-2025-F&CS തീയതി 10-04-2025 | സ.ഉ. (സാധാ) നം.261-2025-F&CS തീയതി 30-07-2025 | സ.ഉ. (സാധാ) നം. 317-2025-F&CS തീയതി 18-09-2025 |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ചെറുപയർ (1 കി.ഗ്രാം) | **92** | **92** | **92** | **90** | **90** | **90** | **90** | **90** | **90** | **85** |
| 2 | ഉഴുന്ന് ബോൾ (1 കി.ഗ്രാം) | **95** | **95** | **95** | **95** | **95** | **95** | **95** | **90** | **90** | **90** |
| 3 | വൻകടല (1 കി.ഗ്രാം) | **69** | **69** | **69** | **69** | **69** | **69** | **69** | **65** | **65** | **65** |
| 4 | വൻപയർ (1 കി.ഗ്രാം) | **75** | **75** | **75** | **75** | **75** | **79** | **79** | **75** | **70** | **70** |
| 5 | തുവരപരിപ്പ് (1 കി.ഗ്രാം) | **111** | **111** | **111** | **115** | **115** | **115** | **115** | **105** | **93** | **88** |
| 6 | മുളക് (500 ഗ്രാം) | **82** | **75** | **75** | **75** | **73** | **73** | **65** | **55** | **55** | **55** |
| 7 | മല്ലി (500 ഗ്രാം) | **39** | **39** | **39** | **39** | **39** | **39** | **39** | **39** | **39** | **39** |
| 8 | പഞ്ചസാര (1 കി.ഗ്രാം) | **27** | **27** | **33** | **33** | **33** | **33** | **33** | **33** | **33** | **33** |
| 9 | പച്ചരി (1 കി.ഗ്രാം) | **26** | **26** | **26** | **26** | **26** | **29** | **29** | **29** | **29** | **29** |
| 10 | കുറുവ അരി (1 കി.ഗ്രാം) | **30** | **30** | **30** | **33** | **33** | **33** | **33** | **33** | **33** | **33** |
| 11 | മട്ട അരി (1 കി.ഗ്രാം) | **30** | **30** | **33** | **33** | **33** | **33** | **33** | **33** | **33** | **33** |
| 12 | ജയ അരി (1 കി.ഗ്രാം) | **29** | **29** | **29** | **29** | **29** | **33** | **33** | **33** | **33** | **33** |
| 13 | വെളിച്ചെണ്ണ (അര ലിറ്റർ) | **55** | **55** | **55** | **55** | **55** | **65** | **75** | 75 | **140** | **140** |

## അനുബന്ധം IV

| SI NO | ITEM | SELLING RATE ( IN RS) | QTY ( IN LTR) | SALES VALUE |
|---|---|---|---|---|
| 1. | SABARI CO OIL | Subsidy- 140+ GST, Non Subsidy- 163.8+GST (For 500 ML) | 2156061 | 739691203.1 |
| 2. | KERA 1 LTR SUBSIDY | 457 | 100628 | 18783614 |
| | | 445 | | 4469580 |
| | | 429 | | 21227778 |
| 3. | KERAJAM 1 LTR | 477 | 18293 | 8120448 |
| | | 425 | | 52275 |
| | | 454 | | 520284 |
| 4. | RAIDCO 1 LTR | 401.78 | 360 | 144640.8 |
| 5. | KERAJAM 500 ML | 229.41 | 5921 | 190410.3 |
| | | 240.98 | | 2653671.76 |
| 6. | NATURA 900 ML | 388.81 | 21688 | 617041.47 |
| | | 422.28 | | 1893081.24 |
| | | 426.19 | | 432156.66 |
| | | 430.1 | | 7317721.4 |
| 7. | NATURA 450 ML | 199.81 | 833.85 | 370240.65 |
| 8. | NIRMAL COCONUT OIL 1 LTR BOTTLE | 385.57 | 48 | 15422.8 |
| | | 482.75 | | 3862 |
| 9. | NIRMAL COCONUT OIL 1 LTR POUCH | 379.1 | 1423 | 537184.7 |
| | | 476.28 | | 2857.68 |
| 10. | NIRMAL COCONUT OIL 500 ML BOTTLE | 198.77 | 54.5 | 12522.51 |
| | | 247.31 | | 11376.26 |
| 11. | NIRMAL COCONUT OIL 500 ML POUCH | 192.21 | 539 | 196438.62 |
| | | 240.88 | | 13489.28 |
| | TOTAL | | 2305849 | 807277300.2 |